# Malayala Manorama

## 20 August 2018

## After Flood, Flood Relief, Action against non-cooperation & Failure



# പ്രളയദുരിതാശ്വാസം: നിസ്സഹകരണത്തിനും വീഴ്ചയ്ക്കും ഒട്ടേറെപ്പേർക്കെതിരെ നടപടി

■ അവശ്യസാധനങ്ങൾക്ക് അമിതവില ഈടാക്കിയ വ്യാപാരികളും കുടുങ്ങി

മനോരമ ലേഖകർ

ദുരിതാശ്വാസ പ്രവർത്തനത്തിൽ വീഴ്ച വരുത്തിയ സർക്കാർ ജീവനക്കാർക്കും രക്ഷാപ്രവർത്തനത്തിൽ സഹകരിക്കാതിരുന്ന വഞ്ചിവീട് ഉടമകൾക്കും അവശ്യ സാധനങ്ങൾക്ക് അമിത വില ഈടാക്കിയ വ്യാപാരികൾക്കുമെതിരെ നടപടിയുമായി സർക്കാർ.

കഴിഞ്ഞ വെള്ളിയാഴ്ച മുതൽ ഓഫിസിൽ എത്താതിരുന്ന ഇടുക്കി കൊന്നത്തടി പഞ്ചായത്ത് സെക്രട്ടറി കെ. സന്തോഷിനെ സർവീസിൽനിന്നു സസ്പെൻഡ് ചെയ്തു. പഞ്ചായത്ത് ഡയറക്ടർ എം.പി.അജിത് കുമാറാണ് നടപടി സ്വീകരിച്ചത്.

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഔദ്യോഗികവാഹനം ഓടിക്കാൻ വിസമ്മതിച്ച ഭക്ഷ്യ വകുപ്പ് ഡ്രൈവറെ ശനിയാഴ്ച സസ്പെൻഡ് ചെയ്തിരുന്നു. താമരശേരി താലൂക്ക് സപ്ലൈ ഓഫിസിലെ ഡ്രൈവർ (സീനിയർ ഗ്രേഡ്) എൻ.അസഫ് അലിക്കെതിരെയാണ് കലക്ടറുടെ ഉത്തരവിനെ തുടർന്നു ജില്ലാ സപ്ലൈ ഓഫിസർ നടപടി സ്വീകരിച്ചത്.

ആലപ്പുഴ ജില്ലയിൽ രക്ഷാ പ്രവർത്തനത്തിൽ സഹകരിക്കാതെ വിട്ടുനിന്ന അഞ്ചു വഞ്ചിവീട് ഉടമകളിൽ നാലു പേരെ അറസ്റ്റ് ചെയ്തു. രക്ഷാപ്രവർത്തനത്തിൽ സഹകരിക്കാത്ത ബോട്ട് ഡ്രൈവർമാരുടെ ലൈസൻസ് സസ്പെൻഡ് ചെയ്യാൻ മന്ത്രി ജി.സുധാകരൻ നിർദേശം നൽകി.

ആലപ്പുഴ നഗരത്തിൽ ക്യാംപുകളുടെ പേരിൽ അനധികൃത പണപ്പിരിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും നടപടിയുണ്ടാകുമെന്നും കലക്ടർ എസ്.സുഹാസ് അറിയിച്ചു.

അനധികൃതമായി പെട്രോളും ഡിസലും വിൽപന നടത്തിയതിന് മലപ്പുറം കാളികാവ് പൊലീസ് രണ്ടു പേരെ കസ്റ്റഡിയിലെടുത്തു. അവശ്യ സാധനങ്ങൾക്ക് അമിത വില ഈടാക്കിയതിനു കോട്ടയം ജില്ലയിൽ നാലു കടകൾ സിവിൽ സപ്ലൈസ് വിഭാഗം അടപ്പിച്ചു, ഏഴു കടകൾക്കെതിരെ കേസെടുത്തു. കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലിയിൽ ബസ് സ്റ്റാൻഡ് റോഡിൽ പ്രവർത്തിക്കുന്ന പച്ചക്കറിക്കടയും മുണ്ടക്കയത്ത് മൂന്നു കടകളുമാണ് അടപ്പിച്ചത്.

### ഓഫിസ് മുറി തുറക്കാൻ 'ഒബ്ജക്ഷനു'മായി അഭിഭാഷകർ; നിയമം നടപ്പാക്കി തൃശൂർ കലക്ടർ

തൃശൂർ ● ദുരിതാശ്വാസ ക്യാംപുകളിലേക്കുവേണ്ട വസ്തുക്കൾ സൂക്ഷിക്കാൻ ഓഫിസ് തുറന്നു കൊടുക്കാതെ ബാർ അസോസിയേഷൻ. തുടർന്ന്, ദുരന്തനിവാരണ നിയമം അനുശാസിക്കുന്ന പ്രത്യേക അധികാരം ഉപയോഗിച്ചു കലക്ടർ ടി.വി. അനുപമ മുറി തുറന്നതായി പബ്ലിക് റിലേഷൻസ് വകുപ്പ് പത്രക്കുറിപ്പിൽ അറിയിച്ചു. താക്കോൽ ഇല്ലാതിരുന്നതിനാൽ, ഉദ്യോഗസ്ഥർ ബലമായി പൂട്ടുതുറന്ന് 1000 കിലോ അരിയും അവശ്യവസ്തുക്കളും മുറികളിൽ സംഭരിച്ചു.

അതേസമയം ബാർ അസോസിയേഷനുമായി പ്രശ്നങ്ങൾ ഇല്ലെന്നും മുറികൾ തരണമെന്ന് ഉത്തരവിട്ടശേഷം അവർ സഹകരിച്ചെന്നും അനുപമ അറിയിച്ചു. ദുരന്തനിവാരണവുമായി സഹകരിക്കുന്നുണ്ടെന്ന് അസോസിയേഷൻ ഭാരവാഹികളും പറഞ്ഞു.